പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2972 10.03.2017- ൽ മറുപടിക്ക്

## പൊതുമരാമത്ത് വകുപ്പിലെ അഴിമതി കേസുകളിൽ വിജിലൻസ് അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.വി.വിജയദാസ്** | | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പിൽ എത്ര അഴിമതി കേസുകളിൽ വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്; ഇതിൽ എത്രയെണ്ണത്തിന് ചാർജ്ഷീറ്റ് നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പൊതുമരാമത്ത് വകുപ്പിൽ 12 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. മേൽ കേസുകളിൽ ചാർജ്ജ്ഷീറ്റ് നൽകിയിട്ടില്ല. അന്വേഷണം പുരോഗമിക്കുന്നു. |
| (ബി) | കഴിഞ്ഞ UDF ഭരണകാലത്ത് പൊതുമരാമത്ത് വകുപ്പും ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് അഴിമതിയും ക്രമവിരുദ്ധമായ നടപടികളും നടത്തിയെടുക്കുന്നത് കാണിച്ച് അന്നത്തെ വിജിലൻസ് ഡയറക്ടറായിരുന്ന ശ്രീ. വിൻസെന്റ് എം.പോൾ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികളുടെ വിശദാംശം നൽകുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | റിപ്പോർട്ട് അംഗീകരിച്ചിട്ടില്ല. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | ടി വിഷയത്തിൽ ബന്ധപ്പെട്ടവർക്കെതിരെ ശിക്ഷാ-നിയമനടപടികൾ സ്വീകരിക്കുന്നതിൽ കാലതാമസം വന്നു ചേർന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട്? | (സി) | ഇല്ല. പ്രസ്തുത റിപ്പോർട്ടിൽ പ്രത്യേകിച്ച് ഒരുദ്യോഗസ്ഥനേയും പരാമർശിക്കപ്പെട്ടിട്ടില്ല. ഓവർസിയർ, അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, വിവിധങ്ങളായ ഉദ്യോഗസ്ഥർ എന്നാണ്. പേരുകളില്ല. റിപ്പോർട്ട് സർക്കാർ ചർച്ച നടത്തി അംഗീകരിച്ചിട്ടില്ല. അതിനാൽ മേൽനടപടി ഇതുവരെ ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്